പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 221 23.01.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.പെൻഷൻ

ചോദ്യം

ശ്രീ.പി.കെ.ബഷീർ

" കെ.എം. ഷാജി

" പി. ഉബൈദുള്ള

" ടി.എ. അഹമ്മദ് കബീർ

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ എത്ര മാസത്തെ പെൻഷൻ വിതരണം ചെയ്യാനുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. സർക്കാർ 60 കോടി രൂപ നൽകുകയും തുടർന്ന് 19.1.2018-ൽ നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്യുകയും ചെയ്തു. |
| (ബി) | പെൻഷൻ കുടിശ്ശിക നൽകുന്നതിനും കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (ബി) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, സർക്കാരിന്റെ സാമ്പത്തിക സഹായം എന്നിവ മൂലം പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടിയ പലിശനിരക്കിലും കുറഞ്ഞ കാലാവധിയിലുമുള്ള കെ.എസ്.ആർ.ടി.സിയുടെ വായ്പകൾ, ബാങ്ക് കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയുമുള്ള വായ്പകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ കൃത്യമായി വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിൽ പെൻഷൻ ബാധ്യത സർക്കാരിന് ഏറ്റെടുക്കാൻ കഴിയുകയില്ല എന്ന സത്യവാങ് മൂലം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു തിരുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി ശമ്പളവും പെൻഷനും വിതരണം ചെയ്യേണ്ട പ്രത്യക്ഷ ബാദ്ധ്യത സർക്കാരിന് ഇല്ലായെന്ന കാര്യത്തോടൊപ്പം ശമ്പളവും പെൻഷനും നൽകുന്നതിനായി പരമാവധി സഹായം സർക്കാർ ചെയ്തു വരികയാണെന്ന കാര്യവും സത്യവാങ്മൂലത്തിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ